## 1110

ജയഗീതം ഗീതം പാടിടുവിൻ
യേശുക്രിസ്തുവിൻ സൈന്യങ്ങളെ അനുദിനവും

യേശു രാജാധിരാജൻ ജയിക്കട്ടെ യെരിഹൊ
മതിലുകൾ വീണിടട്ടെ സ്തുതിധ്വനിയാൽ

1 നാമിന്നു പാടി പുകഴ്ത്തിടാം നാടെങ്ങും മുഴങ്ങട്ടെ തൻനാമം
തേജസ്സെഴുന്ന ക്രൂശിൻ സുവാർത്ത ദേശരഖിലരുമറിയട്ടെ-

2 ഘോര വിപത്തുകളണഞ്ഞാലും പാരിടമിളകിയുലഞ്ഞാലും
പതറുകില്ല യേശുവിൻ ജനത പാട്ടുപാടിയുണർന്നിടുമെ-

3 യേശുതാൻ വഴിയും സത്യവുമാം ജീവനും മോക്ഷ കവാടവുമാം
പാപികളാകും മാനവർക്കെല്ലാം ഏകരക്ഷകൻ താൻ തന്നെയാം-

4 മരണത്തെ ജയിച്ചുയിർത്തേശുപരൻ പരമതിൽ വാഴുന്നുന്നതനായ്
പാരിലനീതികളാകയും നീക്കി വാഴുവാൻ വേഗം വരും! വരും!-
**G.P.**